# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 28

***നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളി കൈക്കാരും ശേഷം ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.***

കർത്താവിൽ വാത്സല്യമുള്ളവരെ,

ഈ വർഷത്തെ വിദ്യാഭ്യാസദിനമായി സഭ വേർതിരിച്ചിരിക്കുന്നത് 2021 സെപ്റ്റംബർ 5–ാം തീയതി ഞായറാഴ്ചയാണ്. സഭയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സഭാജനങ്ങൾ അറിയുന്നതിനും വിദ്യാഭ്യാസത്തിലൂടെ വിവേകമുള്ള തലമുറയെ വാർത്തെടുക്കുന്നതിൽ സഭയുടെ സംഭാവനയെയും നേട്ടങ്ങളെയും ഓർത്ത് സ്തോത്രം ചെയ്യുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്താം.

കേരളത്തിനകത്തും പുറത്തുമായി അനേക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമുക്കുണ്ട്. സഭയുടെ കോർപ്പറേറ്റ് മാനേജ്മെന്റിൽ ഉൾപ്പെട്ട 112 പ്രൈമറി സ്കൂളുകളും 15 യു.പി. സ്കൂളുകളും, 15 ഹൈസ്കൂളുകളും, 8 ഹയർ സെക്കന്ററി സ്കൂളുകളും, 1 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളും, 1 റ്റി.റ്റി.ഐ.യും ഉൾപ്പെടെ 152 സ്കൂളുകളുണ്ട്. കോവിഡ് 19 പശ്ചാത്തലത്തിൽ എല്ലാ ക്ലാസുകളും ഓൺലൈനായി നടത്തിവരുന്നു. 2021–ൽ എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ സ്കൂളുകളും ഉന്നത വിജയം കരസ്ഥമാക്കി. ഉന്നതവിജയം കരസ്ഥമാക്കുവാൻ കഠിനാദ്ധ്വാനം ചെയ്ത പ്രിൻസിപ്പൽമാർ, ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

കുട്ടികളുടെ അദ്ധ്യാത്മിക വളർച്ചയ്ക്കും, വ്യക്തിത്വ വികസനത്തിനും സഹായിക്കുന്ന പഠനരീതിയാണ് നമ്മുടെ വിദ്യാലയങ്ങൾ സ്വീകരിച്ചിട്ടുള്ളത്. ഭദ്രാസനാദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ നടത്തുന്ന മിഷൻ ടൂ സ്കൂൾ പ്രോഗ്രാം, കൗൺസലിംഗ്, കരിയർ ഗൈഡൻസ് ടീമിന്റെ സന്ദർശനം, Quality Improvement Programme മുതലായവ നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറുന്നതിന് സഹായിക്കുന്നു. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ കാലോചിതമായി മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതിൽ അഭിമാനിക്കാം.

സംസ്ഥാന സർക്കാരും, പൊതുജനങ്ങളും, സർവ്വോപരി സഭാംഗങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഉന്നതസ്ഥാനം നൽകുന്നതിൽ സന്തോഷിക്കുന്നു. സ്കൂളുകളെല്ലാം ഹൈടെക് പദവിയിലേക്കുയർത്തുവാൻ സഭാംഗങ്ങളുടെയും പൂർവ്വവിദ്യാർത്ഥികളുടെയും സഹായസഹകരണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതിൽ ചാരിതാർത്ഥ്യം ഉണ്ട്. കഴിവുള്ള ഇടവകകൾ, സ്കൂളുകൾ ദത്തെടുത്ത്, പ്രത്യേകിച്ച് പ്രൈമറി സ്കൂളുകൾ ദത്തെടുത്ത്, മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാൻ സഹകരിക്കണം.

പ്രളയം മൂലവും കാലപ്പഴക്കം കൊണ്ടും തകർന്ന സ്കൂളുകളുടെ ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഭാംഗങ്ങളുടെ ആത്മാർത്ഥമായ സംഭാവനയാണ് പ്രധാന വരുമാനമാർഗ്ഗം. ഇതിൽ ഒരു ഭാഗം വിദ്യാഭ്യാസദിന സ്തോത്രകാഴ്ചയായി ലഭിക്കേണ്ടതാണ്. കഴിഞ്ഞ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ ഈ ഇനത്തിൽ 9,84,106/– രൂപാ മാത്രമാണ് ലഭിച്ചത്. ഈ വർഷം 25 ലക്ഷം രൂപാ പ്രതീക്ഷിക്കുന്നു. എല്ലാ ഇടവകകളും ഉദാരമായ സംഭാവനകൾ M.T. & E.A. Schools മാനേജരുടെ ഓഫീസിലോ സഭാ ഓഫീസിലോ അടയ്ക്കുവാൻ ശ്രദ്ധിക്കണം.

നല്ല സ്വപ്നങ്ങളും പ്രതീക്ഷകളും യാഥാർത്ഥ്യമായി പരിണമിക്കുവാനും അതിന്റെ നല്ല ഫലങ്ങൾ നമ്മുടെ സ്കൂളുകളിലും കുഞ്ഞുങ്ങളിലും തദ്വാരാ സമൂഹത്തിലും പ്രതിഫലിക്കുവാനും ഇടയാകട്ടെ. വിദ്യാഭ്യാസവും മൂല്യബോധവുമുള്ള ഒരു തലമുറയാണ് നാളെയുടെ ജീവൻ. അങ്ങനെയൊരു തലമുറയെ വാർത്തെടുക്കുവാൻ നമുക്ക് യത്നിക്കാം. സഭയായി നാം ചെയ്യുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നമുക്ക് ഓരോരുത്തർക്കും ഭാഗഭാക്കാകാം.

കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നും 2021 ആഗസ്റ്റ് 18–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**